# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 223** **28.01.2019-ൽ മറുപടിക്ക്**

## മലബാർ കാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. എൻ. ഷംസീർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ മലബാർ കാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | i. മലബാർ കാൻസർ സെന്ററിൽ കാൻസർ ജെനിറ്റിക്സ് ക്ലിനിക്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ്ങ് സയൻസ് ആന്റ് റിസർച്ച് (B.Sc. നഴ്സിങ്ങ് കോളേജ്), പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് സെന്ററിന്റെ ഭാഗമായി National Board of Examination (NBE)യുടെ കീഴിൽ DNB in Surgical Oncology കോഴ്സ് എന്നിവ ആരംഭിക്കുകയുണ്ടായി.<br>ii. എം.സി.സിയുടെ വികസന പ്രവർത്തനനങ്ങൾക്കായി KIIFB യിൽ 180 കോടിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL നെ SPV ആക്കി കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു<br>iii. ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് എം.സി.സിയിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തന സജ്ജമായി വരുന്നു.<br>iv. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തികൊണ്ട് മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ റെജിസ്റ്റി വിപുലീകരിച്ചു.<br>v. ആധുനിക സംവിധാനങ്ങളോട് കൂടിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.<br>vi. എം.സി.സി ബ്ലഡ് ബാങ്ക് ആധുനീകവൽക്കരണത്തിന്റെ ഭാഗമായി NAT (Nucleic Acid Testing) സംവിധാനം ആരംഭിച്ചു.<br>vii. സി.ടി സ്കാനർ, SPECT CT, PET Scanner, PACS, Nuclear Medicine Facility, Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.<br>viii. പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ് |
| (ബി) | മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പിലാക്കിയ ഓരോ പ്രവൃത്തിയും ആയതിന്റെ നിലവിലുള്ള അവസ്ഥയും | (ബി) & (സി) | അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇതിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2016-17 സാമ്പത്തിക വർഷം

| നം | പദ്ധതി | തുക (ലക്ഷത്തിൽ) | സ്വീകരിച്ച നടപടികൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഹൈ എൻഡ് സി.ടി. സ്കാനർ വാങ്ങുന്നതിലേക്ക് | 600.00 | പർച്ചേസ് നടപടികൾ പൂർത്തീകരിച്ചു. പേയ്മെൻറിനായുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപൺ ചെയ്തിട്ടുണ്ട്. മെഷീൻ ഇൻസ്റ്റലേഷൻ ഉടൻ ആരംഭിക്കും. | 598.1 |
| 2 | ഇൻറർവെൻഷൻ റേഡിയോളജി സിസ്റ്റം - അർബുദ പരിചരണത്തിനായുള്ള കാത്ത് ലാബും അനുബന്ധ ഉപകരണങ്ങളും | 900.00 | പർച്ചേസ് നടപടികൾ പൂർത്തീകരിച്ചു. പേയ്മെൻറിനായുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപൺ ചെയ്തിട്ടുണ്ട്. മെഷീൻ ഇൻസ്റ്റലേഷൻ ഉടൻ ആരംഭിക്കും. | 2.98 |
| 3 | റേഡിയോതെറാപ്പി ബ്ലോക്കിന്റെ വിപുലീകരണം | 400.00 | KIIFB പ്രോജക്ടിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. | 0 |
| 4 | നിലവിലുള്ള ടെലി കോബാൾട്ട് മെഷീൻ ഡി-കമ്മീഷൻ ചെയ്ത് കൈമാറ്റ വ്യവസ്ഥയിൽ പുതിയത് വാങ്ങുന്നതിലേക്ക് | 265.00 | പർച്ചേസ് നടപടികൾ പൂർത്തീകരിച്ചു. പേയ്മെൻറിനായുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപൺ ചെയ്തിട്ടുണ്ട്. മെഷീൻ ഇൻസ്റ്റലേഷൻ ആരംഭിച്ചു. | 170.97 |
| 5 | 1000KVALT ഡീസൽ ജനറേറ്റർ വാങ്ങുന്നതിലേക്ക് | 175 | ഇലക്ട്രിക്കൽ & സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു. | 129.51 |
| 6 | പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിൻറെ അടിസ്ഥാന സൗകര്യ വികസനത്തിന് മുടക്കേണ്ട തുക | 15.00 | പൂർത്തീകരിച്ചു | 15 |
| 7 | ക്ലിനിക്കൽ ലബോറട്ടറി & ട്രാൻസലേഷനൽ റിസർച്ച് ഡിപ്പാർട്ട്മെൻറിൻറെ നവീകരണത്തിന് | 60.00 | എല്ലാ ഉപകരണങ്ങളുടേയും പർച്ചേസ് കഴിഞ്ഞു. | 53.14 |
| 8 | സ്റ്റെംസെൽ ബ്ലോക്കിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്ക് | 265.00 | എല്ലാ ഇനങ്ങൾക്കുമായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. | 194.93 |
| 9 | മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി വികസിപ്പിക്കുന്നതിലേക്ക് | 20.00 | M/s CDIT ന് പർച്ചേസ് ഓർഡർ നൽകി, പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. വടക്കൻ കേരളത്തിലെ 5 ജില്ലകളിലേക്ക് കൂടി മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി വികസിപ്പിച്ചു. | 0 |
| 10 | മൂന്നാമത് ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുന്നതിലേക്ക് | 130.00 | 1. എയർ കണ്ടീഷനിംഗ് പ്രവൃത്തികൾ - പൂർത്തിയായി<br>2. ഇലക്ട്രിക്കൽ പ്രവർത്തികൾ- പൂർത്തിയായി<br>3. സിവിൽ & പ്ലംബിംഗ് ജോലികൾ - പൂർത്തിയായി ഉപകരണങ്ങളുടെ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. | 73.25 |
| 11 | വൈറോളജി ലാബിന്റെ നിലവാരം ഉയർത്തുന്നതിലേക്ക് | 15.00 | പൂർത്തീകരിച്ചു. | 15 |
| 12 | ബ്ലഡ്ബാങ്കിന്റെ നിലവാരം ഉയർത്തുന്നതിലേക്ക് | 35.00 | ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. | 28.33 |
| 13 | ഹോസ്പിറ്റൽ കാൻറീൻ കിച്ചൻ നവീകരിക്കുന്നതിലേക്ക് | 20.00 | പർച്ചേസ് നടപടികൾ ആരംഭിച്ചു | 0 |
| | | 2900 | | |

## 2017-18 സാമ്പത്തിക വർഷം

| നം | പദ്ധതി | തുക (ലക്ഷത്തിൽ) | സ്വീകരിച്ച നടപടികൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പീഡിയാട്രിക് ഓങ്കോളജി വിഭാഗത്തിൻറെ അടിസ്ഥാനസൗകര്യം | 300.00 | പ്രസ്തുത ബ്ലോക്കിലേക്കായുള്ള ഗ്യാസ് പൈപ്പ് ലൈൻ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു. ഉപകരണങ്ങളുടെ പർച്ചേസ്/ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചു വരുന്നു | 1.68 |
| 2 | നേഴ്സിങ്ങ് കോളേജിൻറെ അടിസ്ഥാനസൗകര്യം | 200.00 | മിക്ക ഉപകരണങ്ങളുടെയും ഇൻസ്ട്രുമെൻസിന്റേയും പർച്ചേസ് നടപടികൾ പൂർത്തീകരിച്ചു വരുന്നു | 100.86 |
| 3 | സർജിക്കൽ ഓങ്കോളജി വിഭാഗത്തിൻറെ വിപുലീകരണം | 130.00 | പൂർത്തീകരിച്ചു | 130.00 |
| 4 | ഡെൻറൽ വിഭാഗത്തിൻറെ വിപുലീകരണം | 15.00 | മിക്ക ഉപകരണങ്ങളുടെയും പർച്ചേസ് പൂർത്തിയായി. ബാക്കിയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പർച്ചേസ് നടപടിക്രമങ്ങൾ ആരംഭിച്ചു. | 13.65 |
| 5 | അനസ്തീഷ്യോളജി, ക്രിട്ടിക്കൽ കെയർ യൂണിറ്റിൻറെ അനുബന്ധ പ്രവർത്തനങ്ങൾ | 305.00 | ലെറ്റർ ഓഫ് ക്രെഡിറ്റ് 89.74 ലക്ഷം രൂപക്ക് ഓപൺ ചെയ്തു. ശേഷിക്കുന്ന ഇനങ്ങൾക്കായുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. | 146.86 |
| 6 | പേഴ്സണലൈസ്ഡ് മെഡിസിൻ റിസർച്ച് ലാബൊറട്ടറി | 895.00 | ഉപകരണങ്ങൾക്കായുള്ള പർച്ചേസ് ഓർഡർ നൽകി വരുന്നു. | 334.47 |
| 7 | കൺവെൻഷണൽ റേഡിയോതെറാപ്പി സിമുലേറ്റർ മാറ്റി സ്ഥാപിക്കുന്നതിന് | 190.00 | ഉപകരണങ്ങൾ വിതരണം ചെയ്തു. കമ്മീഷനിങ്ങ് പുരോഗമിച്ചു വരുന്നു. | 1.03 |
| 8 | ന്യൂക്ലിയാർ മെഡിസിൻ ബ്ലോക്കിൻറെ പൂർത്തീകരണം | 700.00 | 81% സിവിൽ വർക്കുകൾ പൂർത്തിയായി | 205.1 |
| 9 | ലാബോറട്ടറി ബ്ലോക്കിൻറെ പൂർത്തീകരണം | 380.00 | 56% സിവിൽ വർക്കുകൾ പൂർത്തിയായി | 0 |
| 10 | പിക്ചർ ആർക്കൈവിങ്ങ് & കമ്മ്യൂണിക്കേഷൻ സിസ്റ്റം | 385.00 | പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തിയായി. | 0.28 |
| | | 3500 | | |

## 2018-19 സാമ്പത്തിക വർഷം

| നം | പദ്ധതി | തുക (ലക്ഷത്തിൽ) | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | ക്ലിനിക്കൽ ലബോറട്ടറി സർവ്വീസിൽ അഡ്വാൻസ്ഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസ്സിയേറ്റഡ് സംവിധാനം | 540.00 | ചില ഉപകരണങ്ങൾക്കായി പർച്ചേസ് ഓർഡർ നൽകി. ബാക്കിയുള്ളവയുടെ ടെണ്ടർ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു |
| 2 | ടിഷ്യു ബാങ്ക്, ബയോ ബാങ്കിങ്ങ് സംവിധാനം | 343.00 | ചില ഉപകരണങ്ങളുടെ Price Bid ഓപൺ ചെയ്തു. ബാക്കിയുള്ളവയുടെ ടെണ്ടർ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു |
| 3 | ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൻറെ നവീകരണം | 1200.00 | ടെണ്ടർ വിളിക്കുകയും ഒരു Bidder മാത്രമായതിനാൽ റീ-ടെൻഡർ ചെയ്തു. |

| | | | |
|---|---|---|---|
| 4 | സർജിക്കൽ ഓങ്കോളജി വിഭാഗത്തിൻറെ ശക്തിപ്പെടുത്തൽ | 145.00 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു |
| 5 | നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രേഡ് ചെയ്യുന്നതിനായി | 10.00 | ടെണ്ടർ നടപടികൾ പൂർത്തീയായി. പർച്ചേസ് ഓർഡർ ഉടൻ നൽകുന്നതാണ്. |
| 6 | സ്റ്റുഡൻസ് ഹോസ്റ്റലിൻറെ ആദ്യഘട്ട നിർമ്മാണം | 395.00 | പ്രവൃത്തിയുടെ വിശദഅടങ്കൽ തയ്യാറാക്കി കഴിഞ്ഞു. |
| 7 | നഴ്സസ് ഹോസ്റ്റലിൽ അഡീഷണൽ ഫ്ളോർ നിർമ്മിക്കുന്നതിന് | 430.00 | പ്രവൃത്തിയുടെ വിശദഅടങ്കൽ തയ്യാറാക്കി കഴിഞ്ഞു. |
| 8 | ചുറ്റുമതിലിൻറെയും ഗേറ്റിൻറേയും നിർമ്മാണം | 17.00 | പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 15,03,765/- ഗവ. എഞ്ചിനീയറിങ്ങ് കോളേജ്, കണ്ണൂർ വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രവർത്തി M/s ULCCS Ltd. ന നൽകുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. |
| | | 3080 | |

സെക്ഷൻ ഓഫീസർ